പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര** ചിഹ്നമിടാത്ത **ചോദ്യം** നമ്പർ. **3941** **11.11.2019 - ൽ മറുപടിയ്ക്ക്**

## ദേശീയ മെഡിക്കൽ കമ്മീഷൻ നിയമം

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)**

(എ) ആധുനിക വൈദ്യ വിദ്യാഭ്യാസ രംഗത്ത് സമൂലമാറ്റങ്ങൾ കൊണ്ടുവരുവാനെന്ന പേരിൽ രൂപീകരിച്ച ദേശീയ മെഡിക്കൽ കമ്മീഷൻ ആധുനിക വൈദ്യ ശാസ്ത്രം പാവപ്പെട്ട ഗ്രാമീണർക്ക് അപ്രാപ്യമാക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ആധുനിക വൈദ്യ ശാസ്ത്രത്തിൽ ഡോക്ടറായി പ്രാക്ടീസ് നടത്തുവാൻ അംഗീകൃത യോഗ്യതയില്ലാത്തവർക്ക് കമ്മീഷന്റെ പ്രത്യേക മാനദണ്ഡപ്രകാരം ആധുനിക വൈദ്യ ശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ട ആളുകൾക്ക് മധ്യതലത്തിൽ സാമൂഹിക ആരോഗ്യ ദാതാക്കളായി ചികിത്സ നടത്തുവാൻ ലൈസൻസ് നൽകുന്നത് ഗ്രാമീണ മേഖലയിലെ ചികിത്സകളുടെ ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(എ) (ബി) (സി) (ഡി) & (ഇ) നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാക്കുന്നതിന് മുൻപ് തന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയെ കൊണ്ട് ഇക്കാര്യം സമഗ്രമായി പഠിച്ച് ആശങ്കകൾ ഉണ്ടെങ്കിൽ ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സ്വകാര്യ മെഡിക്കൽ കോളേജുകളിൽ അമ്പതുശതമാനത്തോളം സീറ്റുകളിലെ ഫീസ് നിർണ്ണയിക്കുന്നതിനുള്ള അധികാരം നാഷണൽ മെഡിക്കൽ കൗൺസിലിന് നൽകിയത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി ) ശാസ്ത്രീയമായ തെളിവുകളില്ലാതെ വ്യത്യസ്തമായ ചികിത്സാ ശാഖകളെ സമന്വയിപ്പിക്കുന്ന പാഠ്യപദ്ധതി ആധുനിക വൈദ്യ വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തെ ദോഷകരമായി ബാധിക്കുകയില്ലേ;

(ഇ) എങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലൂടെ ആരോഗ്യ മേഖലയെ അത് എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തുന്നതിനും അതിനെതിരെ തിരുത്തൽ നടപടിയായി എന്തുകാര്യങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ